**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 865** **11-02-2025 - ൽ മറുപടിയ്ക്ക്**

**നന്ദിയോട് ഗ്രാമപഞ്ചായത്തിലെ ക്ലൺ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ കൃഷി വികാസ് യോജന-യുടെ ഭാഗമായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ച് വാമനപുരം മണ്ഡലത്തിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന ക്ലൺ ഗ്രാമം പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും, പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതിയായ RKVY-RAFTAAR 2022-23 ൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 100 മഷ്റൂം വില്ലേജുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗക്കാർക്കായി തിരുവനന്തപുരം ജില്ലയെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തു. ഒരു ക്ലൺ ഗ്രാമത്തിന് ചെലവ് വരുന്ന 68.125 ലക്ഷം രൂപയിൽ 30.25 ലക്ഷം രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വിഹിതവും, 37.875 ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതമായി പൂൾഡ് ഫണ്ടിൽ ഉൾപ്പെടുത്തിയാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്.<br><br>തിരുവനന്തപുരം ജില്ലയിലെ വാമനപുരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ സേവന പരിധിയിലുള്ള 75 ഗുണഭോക്താക്കളുടെ ലിസ്റ്റ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ സമർപ്പിക്കുകയും, പദ്ധതി നടത്തിപ്പിനായി 16/12/2023 ന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷനിലെ കൃഷി ജോയിന്റ് ഡയറക്ടറുടെ അധ്യക്ഷതയിൽ യോഗം ചേരുകയും ആയതു പ്രകാരം 5 ഘട്ടമായി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ 20 ക്ലൺ ഗ്രാമങ്ങളിലെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. രണ്ടാം ഘട്ടത്തിൽ എസ്.ടി ഗുണഭോക്താക്കൾക്കുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>പദ്ധതിക്ക് പട്ടിക വർഗ്ഗ വികസന വകുപ്പ് അനുമതി ഉത്തരവ് നൽകുകയും ആയതിൽ എം.ഒ.യു വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും നിർദേശം |

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്തിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 24 .07 .2024 -ൽ ബന്ധപ്പെട്ട വകുപ്പുമായി യോഗം കൂടുകയും യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി കരാർ അടിയന്തിരമായി വയ്ക്കുന്നതിനും ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഫണ്ട് അനുവദിക്കുകയുള്ളൂ എന്ന് നിർദേശം നൽകുകയും ചെയ്തിരുന്നു. ബന്ധപ്പെട്ട വകുപ്പിലെ പ്രതിനിധികൾ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കുള്ള കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ എത്രയാണെന്നും തുക കൈമാറിയിട്ടുണ്ടോയെന്നും ഉണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (ബി) | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം നടപ്പിലാക്കുന്ന രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ക്ലസ്റ്റർഗ്രാമം പദ്ധതിയിൽ, കേന്ദ്ര വിഹിതമായി 18.15 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 12.10 ലക്ഷം രൂപയും നിശ്ചയിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതമായി 37.875 ലക്ഷം രൂപയാണ് വകയിരുത്തിട്ടുള്ളത്. പദ്ധതി കരാർ വയ്ക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതാണ്. |
| (സി) | ഹോർട്ടികൾച്ചർ മിഷൻ പട്ടികവർഗ്ഗ വികസന വകുപ്പുമായി എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ടോയെന്നും പദ്ധതി എന്ന് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കുമോ? | (സി) | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പട്ടികവർഗ്ഗ വികസന വകുപ്പുമായി എം.ഒ.യു ഒപ്പ് വച്ചിട്ടില്ല. 2025-26 വർഷത്തിൽ പദ്ധതി പുനനിർണ്ണയത്തിനായി ഹോർട്ടികൾച്ചർ മിഷൻ പ്രൊപോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വർക്ക് ഓർഡർ പ്രകാരം തുടർ നടപടി സ്വീകരിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ